**D 11797-A** **(Pages : 4)** **Name..................................**

**Reg. No...............................**

# THIRD SEMESTER (CUCBCSS–UG) DEGREE EXAMINATION NOVEMBER 2021

Malayalam (B.A./B.Sc.)

MAL 3A 03—MALAYALA SAHITHYAM – III

(2017–2018 Admissions)

(Multiple Choice Questions for SDE Candidates)

| Time : 15 Minutes | Total No. of Questions : 20 | Maximum : 20 Marks |
|---|---|---|

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices (A), (B) and (C) having one correct answer. Choose the correct answer and enter it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

CHMK LIBRARY UNIVERSITY OF CALICUT

MAL 3A 03—MALAYALA SAHITHYAM – III

(Multiple Choice Questions for SDE Candidates)

1. 'നാട്യശാസ്ത്രം' എന്ന നാടകഗ്രന്ഥം രചിച്ചത് :

   (A) നടരാജൻ. (B) ഭരതമുനി.

   (C) കാളിദാസൻ.

2. 'കലഹിനി ദമനകം' നാടകം രചിച്ചത് :

   (A) മുൻഷി രാമകുറുപ്പ്. (B) കണ്ടത്തിൽ വർഗീസ് മാപ്പിള.

   (C) സി.വി. രാമൻപിള്ള.

3. അന്ധമായ നാടകാനുകരണ ഭ്രാന്തിനെയും അർത്ഥശൂന്യമായ നാടകരചനാ സമ്പ്രദായത്തെയും നിശിതമായി പരിഹസിക്കാനായി വിരചിതമായ നാടകം :

   (A) 1128-ൽ ക്രൈം 27. (B) ഭൂതം.

   (C) ചക്കീചങ്കരം.

4. ഗ്രീക്ക് നാടക സങ്കൽപ്പത്തിൽ സി.ജെ. തോമസ് രചിച്ച നാടകം :

   (A) ആ മനുഷ്യൻ നീ തന്നെ. (B) ശലോമി.

   (C) 1128-ൽ ക്രൈം 27.

5. 'കൂട്ടുകൃഷി' എന്ന നാടകത്തിന്റെ കർത്താവ് :

   (A) എം.ആർ.ബി. (B) കെ. ദാമോദരൻ.

   (C) ഇടശ്ശേരി ഗോവിന്ദൻ നായർ.

6. 1970-ൽ കുട്ടികൾക്കായി വെഞ്ഞാറമൂട്ടിൽ കൊച്ചു നാരായണപിള്ളയുടെ നേതൃത്വത്തിൽ ആരംഭിച്ച നാടകവേദി :

   (A) നവയുഗ്. (B) രംഗവേദി.

   (C) രംഗപ്രഭാത്.

7. കോഴിക്കോട് സർവ്വകലാശാലയ്ക്കു കീഴിലുള്ള 'സ്കൂൾ ഓഫ് ഡ്രാമ'യുടെ സ്ഥാപക ഡയറക്ടർ :

   (A) വയലാ വാസുദേവൻപിള്ള. (B) കാവാലം.

   (C) ജി. ശങ്കരപ്പിള്ള.

CHMK LIBRARY UNIVERSITY OF CALICUT

8. രണ്ടാമത്തെ മലയാള സിനിമ :

(A) ബാലൻ. (B) വിഗതകുമാരൻ.

(C) മാർത്താണ്ഡവർമ്മ.

9. മലയാളത്തിലെ ആദ്യ റിയാലിസ്റ്റിക് (യഥാതഥ) സിനിമ :

(A) കണ്ടംബെച്ചകോട്ട്. (B) നിഴലാട്ടം.

(C) ന്യൂസ് പേപ്പർ ബോയ്.

10. എം.ടി. വാസുദേവൻ നായരുടെ ആദ്യത്തെ സിനിമ :

(A) മുറപ്പെണ്ണ്. (B) സുകൃതം.

(C) ഒരു വടക്കൻ വീരഗാഥ.

11. എം.ടി. വാസുദേവൻ നായരുടെ 'പള്ളിവാളും കാൽച്ചിലമ്പും' എന്ന കഥയെ ആസ്പദമാക്കി അദ്ദേഹം തന്നെ സംവിധാനം ചെയ്ത സിനിമയാണ് :

(A) സുകൃതം. (B) ദയ.

(C) നിർമ്മാല്യം.

12. രാഷ്ട്രപതിയുടെ സ്വർണ്ണമെഡൽ നേടിയ ആദ്യ മലയാള ചിത്രം :

(A) ചെമ്മീൻ. (B) നീലക്കുയിൽ.

(C) എലിപ്പത്തായം.

13. സിനിമയുടെ തറവാട്ടിൽ മൂപ്പനുസരിച്ച് തിരക്കഥാകൃത്തിന് ———————— സ്ഥാനമാണ് ലോകമൊട്ടുക്കും അംഗീകരിച്ചു കൊടുത്തിട്ടുള്ളത് :

(A) ഒന്നാംകൂർ. (B) രണ്ടാംകൂർ.

(C) മൂന്നാംകൂർ.

14. ആദ്യത്തെ എക്സ്പ്രഷനിസ്റ്റ് സിനിമ ഏത് ?

(A) കാബിനറ്റ് ഓഫ് ഡോക്ടർ കലിഗിരി. (B) ബാറ്റിൽഷിപ്പ് പൊട്ടൻകിൻ.

(C) ബൈസിക്കിൾ തീവ്സ്.

CHMK LIBRARY UNIVERSITY OF CALICUT

15. 'ഒരിടത്തൊരു ഫയൽവാൻ' റിലീസ് ചെയ്ത വർഷം :

(A) 1980. (B) 1981.

(C) 1982.

16. 'ഒരിടത്തൊരു ഫയൽവാൻ' എന്ന സിനിമയ്ക്ക് സംഗീതം നിർവ്വഹിച്ചത് :

(A) രവീന്ദ്രൻ. (B) ജോൺസൺ.

(C) ഔസേപ്പച്ചൻ.

17. ഫയൽവാനു വേണ്ട കിളിയിറച്ചി ആരാണ് എത്തിച്ചു കൊടുത്തത് ?

(A) വേട്ടക്കാരൻ ലൂക്കാ. (B) തയ്യൽക്കാരൻ.

(C) കണ്ണൻ.

18. ഫയൽവാനു തീറ്റ കൊടുക്കാൻ പണത്തിന് ഭാര്യ ചക്കര കണ്ടെത്തിയ മാർഗം എന്തായിരുന്നു ?

(A) തന്റെ കോഴിയെ വിൽക്കുക. (B) ജോബിനോട് കടം വാങ്ങുക.

(C) കൈയ്യിലുള്ള സ്വർണ്ണാഭരണങ്ങൾ വിൽക്കുക.

19. മദായിൻ സ്വാലിഹിൽ വസിച്ചിരുന്നു എന്നു വിശ്വസിക്കപ്പെടുന്ന സ്വാലിഹ് എന്ന പ്രവാചകന്റെ (നബിയുടെ) ജനത :

(A) ആദ് ഗോത്രം. (B) സമൂദ് ഗോത്രം.

(C) ഇവ രണ്ടുമല്ല.

20. റിയാദ് എന്ന സ്ഥലനാമത്തിന്റെ അർത്ഥം എന്ത് ?

(A) അങ്ങാടി. (B) പൂന്തോട്ടം.

(C) ഒഴിഞ്ഞ സ്ഥലം.

CHMK LIBRARY UNIVERSITY OF CALICUT

D 11797 (Pages : 2) Name.....................................

Reg. No..................................

# THIRD SEMESTER (CUCBCSS–UG) DEGREE EXAMINATION NOVEMBER 2021

Malayalam (B.A./B.Sc.)

MAL 3A 03—MALAYALA SAHITHYAM – III

(2017–2018 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക.

1 എം.ടി. വാസുദേവൻ നായർ 'ചലച്ചിത്ര കലയിലെ ഷേക്സ്പിയർ' എന്ന് വിളിക്കുന്നത് ആരെയാണ് ?

2 'ഭരതവാക്യം' എന്ന നാടകം രചിച്ചതാര് ?

3 ഇര തേടിവന്ന ഒരമ്പലപ്രാവായി മുണ്ടമുക ശാസ്താംകാവിൽ താവളമടിച്ചതാര് ?

4 തീരദേശ പരിപാലന നിയമം നിലവിൽ വന്ന വർഷം.

5 മലയാളത്തിലെ ആദ്യ രാഷ്ട്രീയനാടകം എന്നറിയപ്പെടുന്ന കൃതി.

6 പത്മരാജൻ അവസാനമായി തിരക്കഥയെഴുതി സംവിധാനം ചെയ്ത ചലച്ചിത്രമേത് ?

7 കെ.എ. കൊടുങ്ങല്ലൂരിന്റെ വളർത്തച്ഛൻ ആര് ?

8 'മക്കയിലേക്കുള്ള പാത' എഴുതിയതാര് ?

9 'പോയില്ലെങ്കിൽ ഇവന്റെ കാലു കൊണ്ട് ഞാൻ തന്നോടു സംസാരിക്കും'—ആരാണിങ്ങനെ പറഞ്ഞത് ?

10 ബഹുമാനിക്കേണ്ടവരെക്കണ്ടാൽ അറ്റൻഷനായി നിൽക്കണമെന്ന് താമിയോട് പറഞ്ഞതാര് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

11 'ഇഷ്ടപ്പെട്ട രണ്ടു വിഭാഗവും എനിക്ക് അന്യമായിത്തോന്നി'—ആർക്ക് ? അന്യമായത് എന്തൊക്കെ ?

12 നാടകരചനയുടെയും നാടാവതരണ സമ്പ്രദായത്തിന്റെയും പുരോഗതിക്ക് പ്രധാന മാർഗ തടസ്സമെന്ത് ?

13 മരുഭൂമിയിലെ മരണം എത്ര ഏകാന്തവും ഭീതിജനകവുമായിരിക്കും എന്ന തിരിച്ചറിവിലേക്ക് ഗ്രന്ഥകാരൻ എത്തിയതെപ്പോൾ ?

14 'വിചിത്രമല്ലാത്തതെങ്ങനെയാണ് വേദാന്തമാവുക'—വ്യംഗ്യമെന്ത് ?

15 ദയയും സ്നേഹവും നിറഞ്ഞ ഹൃദയത്തിന്റെ ഉടമ എന്ന് വൈക്കം മുഹമ്മദ് ബഷീർ പറഞ്ഞത് ആരെക്കുറിച്ചാണ് ? അതിനുള്ള കാരണമെന്ത് ?

(5 × 2 = 10 marks)

Turn over

CHMK LIBRARY UNIVERSITY OF CALICUT

III. **അഞ്ചു** ചോദ്യത്തിന് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

16 'ഒരു ദരിദ്രവാസി രണ്ടാമതൊരു ദരിദ്രവാസിയെ കൊല്ലുന്നു. മൂന്നാമതൊരു ദരിദ്രവാസി അതിനെപ്പറ്റി പ്രസ്താവനയിറക്കുന്നു'—വിവക്ഷിതം വ്യക്തമാക്കുക.

17 'അദ്ദേഹത്തിന്റെ മനസ്സു വെഷമിപ്പിക്കാതെ നോക്കിയാൽ നിങ്ങക്കും ഗുണം എല്ലാവർക്കും ഗുണം സന്ദർഭവും ആശയവും വിശദമാക്കുക.

18 'ലൈലാ മജ്നു'വിനെ മുസഫർ അഹമ്മദ് ഓർത്തെടുക്കുന്നതെങ്ങനെ ?

19 'അങ്ങനെ ആ കുട്ടിയിൽ നിന്നു ഞാൻ തൽക്കാലം രക്ഷപ്പെട്ടു. പക്ഷേ, മനസ്സിലെ അസ്വാസ്ഥ്യത്തിൽ നിന്നു രക്ഷപ്പെടാൻ എനിക്കു കഴിഞ്ഞില്ല '–സൂചിപ്പിക്കുന്ന സംഭവമെന്ത് ?

20 പൊതു പ്രവർത്തകനെന്ന നിലയിൽ മുഹമ്മദ് അബ്ദു റഹിമാൻ സാഹിബ് പിൻതുടർന്ന ജീവിതചര്യയെന്ത് ?

21 'അല്ല, ഓല്ക്ക് എന്താ ഇയ്ക്കല്ലേ പോയത് തച്ച് പൊളിച്ചത് ഇന്റെ ചങ്കല്ലേ '—സന്ദർഭത്തിന്റെ വൈകാരിക തീവ്രത വെളിപ്പെടുത്തുക.

22 നാടകവിരുദ്ധ (anti-play) നാടകത്തിലേക്ക് ക്രൈം നാടകം എത്തിച്ചേരുന്നതെങ്ങനെ ?

(5 × 5 = 25 marks)

IV. നാലു ചോദ്യത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

23 ഗ്രാമീണ ജീവിതത്തിന്റെ സൂക്ഷ്മസ്പന്ദനം പോലും ഒപ്പിയെടുക്കാൻ ശേഷിയുള്ള തിരക്കഥാകാരനാണ് പത്മരാജൻ–'ഒരിടത്തൊരു ഫയൽവാൻ' ഇത് എത്രത്തോളം സാധൂകരിക്കുന്നുണ്ടെന്നു പരിശോധിക്കുക.

24 നാടകരചനയിൽ മാത്രമല്ല, അതിന്റെ രംഗാവതരണത്തിന്റെ സൂക്ഷ്മാംശങ്ങളിലും ശ്രദ്ധിച്ച നാടകാചാര്യനാണ് ജി. ശങ്കരപ്പിള്ള–നാടകസദസ്സ് എന്ന ലേഖനത്തെ മുൻനിർത്തി വിലയിരുത്തുക.

25 അറേബ്യൻ നാടുകളിലൂടെയുള്ള യാത്രാനുഭവത്തെ വികാരതീവ്രതയോടെ ആവിഷ്കരിക്കുന്ന കൃതി എന്ന നിലയിൽ 'മരുഭൂമിയുടെ ആത്മകഥ'യെ നിരീക്ഷിക്കുക.

26 സാങ്കേതികം മാത്രമല്ല, സൗന്ദര്യാത്മകം കൂടിയാണ് തിരക്കഥയുടെ രചനാശില്പം എന്ന് എം.ടി. വാസുദേവൻ നായർ സ്ഥാപിക്കുന്നതെങ്ങനെ ?

27 കണ്ടൽജീവിതത്തിലൂടെ പൊക്കുടൻ നൽകുന്ന പ്രകൃതിപാഠത്തിന്റെ പ്രസക്തിയെന്തെന്ന് വിശദമാക്കുക.

28 ആത്മപരിഹാസവും ആത്മവിമർശനവും ഒത്തിണങ്ങിയ അനുഭവക്കുറിപ്പാണ് 'വളർന്നു വരുന്ന ഒരാത്മാവ്'—ഉപപാദിക്കുക.

(4 × 10 = 40 marks)

CHMK LIBRARY UNIVERSITY OF CALICUT

**D 11796** (Pages : 2) Name.....................................

Reg. No..................................

# THIRD SEMESTER (CUCBCSS–UG) DEGREE EXAMINATION NOVEMBER 2021

Malayalam (B.A./B.Sc.)

MAL 3A 03—MALAYALA SAHITHYAM – III

(2014–2016 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക.

1 'സമത്വവാദി' എന്ന നാടകത്തിൽ ഉപയോഗിച്ചിരിക്കുന്ന രചനാസങ്കേതമെന്ത് ?

2 'മാട്ട്' എന്ന ഓർമ്മക്കുറിപ്പിൽ ഒടിയൻ എന്ന് പരാമർശിക്കപ്പെടുന്നതാര് ?

3 മുഹമ്മദ് അബ്ദു റഹ്മാൻ സാഹിബ് ആരംഭിച്ച പത്രം.

4 നാടകക്കളരിയുടെ സ്ഥാപകൻ ആര് ?

5 ഫുട്ബോൾ ഭ്രാന്തൻമാരുടെ നഗരമെന്ന് വിശേഷിപ്പിക്കപ്പെട്ട സ്ഥലം.

6 'ഒരിടത്തൊരു ഫയൽവാൻ' എന്ന സിനിമയിൽ തയ്യൽക്കാരൻ മേസ്ത്രിയായി വേഷമിട്ട നടൻ.

7 കണ്ടൽ പൊക്കുടന് ഏറ്റവും പ്രിയപ്പെട്ട രാഷ്ട്രീയനേതാവ്.

8 'ഒരു അന്തർജനത്തിന്റെ ആത്മകഥ' എഴുതിയതാര് ?

9 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകം രചിച്ചതാര് ?

10 'ചലച്ചിത്ര കലയിലെ ഷേക്സ്പിയർ' എന്ന് എം.ടി. വിശേഷിപ്പിക്കുന്നതാരെ ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

11 അഖ്ബ കടലിനെ അഭിമുഖീകരിച്ചു നിൽക്കുന്ന പർവതനിരകളുടെ പ്രത്യേകതയെന്ത് ?

12 'ഇപ്പൊ എല്ലാവർക്കും ഞാനൊരു തമാശ '—ആര് ആരോടാണിങ്ങനെ പറഞ്ഞത് ?

13 'പരിണാമം പൂർത്തിയാകാത്ത ഇരുകാലികളോട് എന്തെങ്കിലും പറഞ്ഞു മനസ്സിലാക്കാൻ സാധ്യമല്ല' സന്ദർഭം വ്യക്തമാക്കുക.

14 എൻ. കൃഷ്ണപിള്ളയുടെ നാടകങ്ങളുടെ പോരായ്മയായി ലേഖകൻ ചൂണ്ടിക്കാണിക്കുന്നതെന്ത് ?

15 'അവിടത്തെ മോലാളീം ഇവിടത്തെ മോലാളീം ഒക്കെ ഞാൻ തന്നെയാ'—ആരാണിതു പറയുന്നത് ? സന്ദർഭമേത് ?

(5 × 2 = 10 marks)

CHMK LIBRARY UNIVERSITY OF CALICUT

III. **അഞ്ചു** ചോദ്യത്തിന് 150 വാക്കിൽ ഉത്തരമെഴുതുക.

16 'ആ വിശിഷ്ടസ്മരണിക അങ്ങനെ വികലമാകാൻ കാരണമായതിൽ ഞാൻ ഇന്നു വരെ എനിക്കു മാപ്പു നൽകിയിട്ടില്ല '—സന്ദർഭം വ്യക്തമാക്കുക.

17 നാടകത്തിൽ സഹൃദയന്റെ സ്ഥാനമെന്ത് ?

18 'ഒരു ദരിദ്രവാസി രണ്ടാമതൊരു ദരിദ്രവാസിയെ കൊല്ലുന്നു. മൂന്നാമതൊരു ദരിദ്രവാസി അതിനെപ്പറ്റി പ്രസ്താവനയിറക്കുന്നു'— ആര് ? എന്തിനെപ്പറ്റിയാണ് ഇങ്ങനെ പറയുന്നത് ? ഈ സന്ദർഭം ഏതു നാടകത്തിലേതാണ് ?

19 അൽ ഹാസയിലെ മരുഭൂമിയുടെ സവിശേഷതകൾ എന്തെല്ലാം ?

20 നമ്പൂതിരി ഇല്ലങ്ങളിലെ പിറന്നാളാഘോഷത്തെപ്പറ്റിയുള്ള ദേവകി നിലയങ്ങോടിന്റെ വെളിപ്പെടുത്തൽ ചുരുക്കിയെഴുതുക.

21 പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് പൊക്കുടന്റെ കാഴ്ചപ്പാടുകൾ എന്തെല്ലാമാണ് ?

22 സാഹിത്യവും സിനിമയും വെവ്വേറെ തലങ്ങളിലാണെന്ന് എം.ടി. സമർത്ഥിക്കുന്നതെങ്ങനെ ?

(5 × 5 = 25 marks)

IV. **നാലു** ചോദ്യത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

23 '1127 ൽ ക്രൈം 27' എന്ന നാടകത്തിൽ തെളിയുന്ന മൃത്യുദർശനം വിശകലനം ചെയ്യുക.

24 തിരക്കഥയിലെ കഥാപാത്രാവിഷ്കാരത്തിന്റെ വ്യതിരിക്തതകൾ ഒരിടത്തൊരു ഫയൽവാനെ' മുൻനിർത്തി വിശദമാക്കുക.

25 'സാഹിബ് എന്ന മനുഷ്യൻ' എന്ന ഓർമ്മക്കുറിപ്പിലൂടെ എം. റഷീദ് പങ്കു വയ്ക്കുന്നതെന്തെല്ലാം ?

26 ദേവകി നിലയങ്ങോട് രേഖപ്പെടുത്തുന്ന സ്ത്രീ അനുഭവത്തിന്റെ തീക്ഷ്ണതയെക്കുറിച്ച് പര്യാലോചിക്കുക.

27 തിരക്കഥയുടെ പ്രയോജന സാധ്യതകളെ എം.ടി. വാസുദേവൻ നായർ വിലയിരുത്തുന്നതെങ്ങനെ ?

28 ആഖ്യാനത്തിന്റെ പ്രത്യേകത കൊണ്ട് വേറിട്ടു നിൽക്കുന്ന യാത്രാനുഭവമാണ് 'മരുഭൂമിയുടെ ആത്മകഥ' —സമർത്ഥിക്കുക.

(4 × 10 = 40 marks)

CHMK LIBRARY UNIVERSITY OF CALICUT